16. ശ്രീ. ഡി. ശ്രീകുമാർ, സബ്ഗ്രൂപ്പാഫീസർ, കീഴാറ്റിങ്ങൽ ദേവസ്വം, വർക്കല ഗ്രൂപ്പ്.

17. ശ്രീ. കെ. വേണുഗോപാലപിള്ള, സബ്ഗ്രൂപ്പാഫീസർ, കുമരഞ്ചിറ ദേവസ്വം, കരുനാഗപ്പള്ളി ഗ്രൂപ്പ്.

18. ശ്രീ. പി.കെ. മോഹൻകുമാർ, അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, പമ്പ ദേവസ്വം.

19. ശ്രീ. പി. ജയറാം പരമേശ്വരൻ, അക്കൗണ്ടന്റ്, ചെട്ടിക്കുളങ്ങര ദേവസ്വം, മാവേലിക്കര ഗ്രൂപ്പ്.

(സി) 19 ജീവനക്കാരെയും അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തെന്നും ദേവസ്വംബോർഡ് എൻക്വയറി കമ്മീഷണർ വിശദമായ അന്വേഷണം നടത്തി അന്വേഷണ റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ടെന്നും തിരുവിതാംകൂർ ദേവസ്വംബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിൽ 9 ജീവനക്കാർ (ക്രമനമ്പർ 1,2,3,4,7,10,13,15,17) അനർഹമായി വ്യാജ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നേടിയതായി തെളിഞ്ഞതിന്റെ അടിസ്ഥാനത്തിൽ, അനർഹമായി പ്രൊമോഷൻ നേടിയതുമൂലം വാങ്ങിയിട്ടുള്ള സാമ്പത്തിക ആനുകൂല്യം തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയിൽ, സസ്പെൻഷൻ കാലയളവ് അവകാശ അവധിയായി പരിഗണിച്ചും, അവർ ജോലി ചെയ്തിരുന്ന തസ്തികയ്ക്ക് തൊട്ടുതാഴെയുള്ള തസ്തികയിൽ ഏറ്റവും ജൂനിയർ മോസ്റ്റാക്കിയും സർവീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്. ശേഷിക്കുന്ന ജീവനക്കാരിൽ 8 പേർ (ക്രമനമ്പർ 5,6,8,9,11,12,14,16) വ്യാജസർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നേടിയിട്ടില്ലായെങ്കിലും, വ്യാജസർട്ടിഫിക്കറ്റ് സമ്പാദിച്ച് സർവീസ് ബുക്കിൽ രേഖപ്പെടുത്തിയ കുറ്റത്തിന് അവർ ജോലി നോക്കിയിരുന്ന തസ്തികയിൽ ജൂനിയർ മോസ്റ്റാക്കിയും സസ്പെൻഷൻ കാലയളവ് അർഹതപ്പെട്ട അവധിയായി പരിഗണിച്ചും, അനുവദനീയമായ ലീവ് സാലറി കഴിച്ചുള്ള ഉപജീവനബത്ത തിരിച്ചടയ്ക്കണമെന്നുള്ള വ്യവസ്ഥയിൽ തിരികെ സർവീസിൽ പ്രവേശിപ്പിച്ചിട്ടുള്ളതുമാണ്. ശ്രീ. പി.കെ. മോഹൻകുമാറിന്റെ പേരിലുള്ള അന്വേഷണത്തിൽ ടിയാന്റെ പേരിലുള്ള ചാർജ്ജ് തെളിഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ ടിയാനെ ക്രിമിനൽ കേസിന്റെ തീരുമാനത്തിന് വിധേയമായി തിരികെ സർവീസിൽ പ്രവേശിപ്പിച്ചിട്ടുണ്ടെന്നും ശ്രീ. പി. ജയറാം പരമേശ്വരന്റെ എൻക്വയറി കഴിഞ്ഞ് നടപടി നടന്നുവരികയുമാണെന്നും തിരുവിതാംകൂർ ദേവസ്വംബോർഡ് അറിയിച്ചിട്ടുണ്ട്. കൂടാതെ ടി 19 ജീവനക്കാരുടെ പേരിലും വിജിലൻസ് അന്വേഷണം നടത്തുന്നതിന് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടർക്ക് ഗവണ്മെന്റിൽ നിന്നും നിർദ്ദേശവും നല്കിയിട്ടുണ്ട്.

101 (1142) ശബരിമലയുടെ വികസനം

<u>ശ്രീ. എൻ. കണ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-നുശേഷം ശബരിമലയിൽ നടന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമാക്കുമോ;

(ബി) ഓരോ വർഷവും എത്ര സംഖ്യ വീതം ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ശബരിമല വികസനത്തിന് എത്ര ഏക്കർ വനഭൂമി ആവശ്യമുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ഇതിലേക്ക് വനഭൂമി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ലഭിച്ചിട്ടുണ്ട്;

(ഇ) ശബരിമലയിൽ ഇനി നടത്താൻപോകുന്ന വികസനപ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1996-നുശേഷം ശബരിമലയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപ്പിലാക്കിയ പ്രധാന വികസന പ്രവർത്തനങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

1) ശബരിമല പാണ്ടിത്താവളത്ത് ആവശ്യമായ ലാട്രിനുകൾ നിർമ്മിച്ചു.

2) ശരംകുത്തിയിൽ കുടിവെള്ളം ശേഖരിക്കുന്നതിന് 20,000 ലിറ്റർ സംഭരണശേഷിയുള്ള രണ്ട് കോൺക്രീറ്റ് ടാങ്കുകൾ നിർമ്മിച്ചു.

3) ദർശനം കാത്ത് ക്യൂവിൽ നിൽക്കുന്ന ഭക്തജനങ്ങൾക്ക് വെയിലും, മഴയും ഏൽക്കാതിരിക്കുവാൻ നടപ്പന്തൽ ശരംകുത്തിവരെ നീട്ടി.

4) അയ്യപ്പഭക്തൻമാരുടെ താമസസൗകര്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടി പുതിയ ബഹുനില മന്ദിരങ്ങൾ നിർമ്മിച്ചു (ആകെ മുറികൾ 150 എണ്ണം).

5) അപ്പം, അരവണ പ്രസാദങ്ങൾ തടസ്സംകൂടാതെ ലഭ്യമാക്കുന്നതിനുവേണ്ടി നീരാവികൊണ്ടും തെർമിക് ഫ്ളൂയിഡുകൊണ്ടും പ്രവർത്തിക്കുന്ന ആധുനിക ഫർണസുകൾ സ്ഥാപിച്ചു.

6) അഗ്നിപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പമ്പയിലും, ശബരിമലയിലും ആവശ്യമായ ഫയർ ഹൈഡ്രന്റുകൾ സ്ഥാപിച്ചു.

7) ശബരിമലയിലെ പ്രസാദവിതരണ കൗണ്ടറിനു മുൻവശം മേൽക്കൂര നിർമ്മിച്ചു.

8) ശബരിമലയിൽ ശബരിനിവാസ് എന്ന പേരിൽ ഒരു ഗസ്റ്റ്ഹൗസ് നിർമ്മിച്ചു.

9) ശബരിമലയിൽ കേടായ പഴയ കേബിളുകൾ മാറ്റി പകരം പുതിയ കേബിളുകൾ സ്ഥാപിച്ച് ജനറേറ്റർ സംവിധാനം മെച്ചപ്പെടുത്തി.

10) പോലീസ്, ദേവസ്വം ജീവനക്കാരുടെ മെസ്സിന്റെ വിപുലീകരണത്തിനായി സ്റ്റീം ബോയിലറുകളും മറ്റ് ആധുനിക സംവിധാനങ്ങളും ഏർപ്പെടുത്തി.

11) ശരംകുത്തിയിൽ ചുക്കുവെള്ള വിതരണത്തിനായി 4 കൗണ്ടറുകൾ നിർമ്മിച്ചു.

12) പാണ്ടിത്താവളത്തെ കുടിവെള്ള ടാങ്കുകളുടെ സുരക്ഷയ്ക്കായി ചുറ്റുമതിൽ നിർമ്മിച്ചു.

13) ശബരിമലയിൽ അരവണപ്രസാദം നിർമ്മിച്ച് ശുചിയായി പായ്ക്ക് ചെയ്ത് കൂടുതൽ കാര്യക്ഷമമായി വിതരണം ചെയ്യുന്നതിനായി പഞ്ചമിപായ്ക്ക് എന്ന കമ്പനി മുഖാന്തിരം നിർമ്മിച്ച്, പ്രവർത്തിപ്പിച്ച് കൈമാറുക എന്ന തത്വത്തിൽ ആധുനിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly

14) പമ്പയിൽ 600 കക്കൂസുകൾ നിർമ്മിച്ചു.

15) പമ്പയിൽ പോലീസുദ്യോഗസ്ഥന്മാർക്കായി ഒരു ഡോർമിറ്ററി നിർമ്മിച്ചു.

16) പമ്പ ത്രിവേണി പാലം മുതൽ ഗണപതിക്ഷേത്രംവരെയുള്ള പാത കോൺക്രീറ്റ് ചെയ്ത് കൂടുതൽ സഞ്ചാരയോഗ്യമാക്കി.

17) പമ്പാ പാർക്കിംഗ് ഗ്രൗണ്ട് കോൺക്രീറ്റ് ചെയ്ത് നവീകരിച്ച് കൂടുതൽ വാഹനങ്ങൾ പാർക്കുചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി.

18) ചാലക്കയം-പമ്പ റോഡ് വീതിക്കൂട്ടി വിപുലപ്പെടുത്തി സൈഡ് ഡ്രെയിൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

19) വൈദ്യുതി തടസ്സം നേരിടാൻ ശുദ്ധജലക്ഷാമം ഉണ്ടാകാതിരിക്കുവാൻ പമ്പയിൽ 325 കെ.വി.എ. ശേഷിയുള്ള ഒരു ജനറേറ്റർ സ്ഥാപിച്ചു.

20) പമ്പ ഗണപതിക്ഷേത്ര തിരുമുറ്റം കോൺക്രീറ്റ് ചെയ്തു.

21) പമ്പയിൽ പന്തള രാജാവിന്റെ പ്രതിനിധിക്കായി ഒരു കെട്ടിടം നിർമ്മിച്ചു.

22) പമ്പയിൽ പ്രസാദനിർമ്മാണവും വിതരണവും കൂടുതൽ സൗകര്യപ്രദമാക്കുന്നതിനുവേണ്ടി പ്രസാദമണ്ഡപം നിർമ്മിച്ചു.

23) അപ്പാച്ചിമേടു മുതൽ ശരംകുത്തിവരെയുള്ള നടപ്പാത കോൺക്രീറ്റ് ചെയ്ത് കൈവരി സ്ഥാപിച്ച് കൂടുതൽ സഞ്ചാരയോഗ്യമാക്കി.

(ബി) 95-96 - 549 ലക്ഷം രൂപ

96-97 - 447 ലക്ഷം രൂപ

97-98 - 741 ലക്ഷം രൂപ

99-2000 - 482 ലക്ഷം രൂപ

4/99 മുതൽ 11/99 വരെ - 389 ലക്ഷം രൂപ

(സി) വിവിധ പദ്ധതികൾക്കായി ദേവസ്വം ബോർഡ് 37.6204 ഹെക്ടർ വനഭൂമി ലഭ്യമാക്കാൻ വനംവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) നാളിതുവരെ 22.6337 ഹെക്ടർ വനഭൂമിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്.

(ഇ) ശബരിമലയിൽ നടന്നുകൊണ്ടിരിക്കുന്നതും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ വികസന പ്രവർത്തനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

അയ്യപ്പഭക്തന്മാരുടെ താമസസൗകര്യം വർദ്ധിപ്പിക്കുന്നതിനായി 154 മുറികൾ ഉള്ള ഒരു കെട്ടിടത്തിന്റെയും 24 മുറികൾ വീതമുള്ള രണ്ട് ഡോണർ കെട്ടിടങ്ങളുടെയും നിർമ്മാണ ജോലികൾ പുരോഗമിക്കുന്നു.

അപ്പാച്ചിമേട്ടിൽ രണ്ട് കാർഡിയോളജി സെന്റർ നിർമ്മിക്കുന്നതിന് കരാർ ഏർപ്പെടുത്തിയെങ്കിലും ആവശ്യമായ വനഭൂമി ലഭ്യമാകാത്തതിനാൽ നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല. വനഭൂമി ലഭ്യമാകുന്നമുറയ്ക്ക് ഇത് നിർമ്മിക്കുന്നതാണ്.

ശബരിമല ഉത്സവത്തോടനുബന്ധിച്ച് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന ദേവസ്വം ജീവനക്കാർക്ക് താമസസൗകര്യം ഏർപ്പെടുത്തുന്നതിനായി ഒരു കെട്ടിടം, അന്നദാനം നടത്തുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യം ഏർപ്പെടുത്തുന്നതിനുവേണ്ടി ഒരു കെട്ടിടം, പമ്പയിൽ ഒരു പുതിയ ഗസ്റ്റഹൗസ്, പമ്പാ മരാമത്ത് ആഫീസ് കെട്ടിടം നീട്ടി പണിയുക മുതലായ നിർമ്മാണ പ്രവർത്തനങ്ങളാണ് വരുംവർഷം ഉത്സവത്തിനുമുൻപായി ചെയ്തുതീർക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതുകൂടാതെ വൈദ്യുതിക്ഷാമ പരിഹാരമെന്ന നിലയിൽ പമ്പയിൽ 66 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.

102 (1143) കഴിഞ്ഞ സീസണിൽ ശബരിമല ദർശനം നടത്തിയ ഭക്തരുടെ എണ്ണം

<u>ശ്രീ. എൻ. കണ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ ഇക്കഴിഞ്ഞ മണ്ഡലമകരവിളക്കു കാലത്ത് എത്ര ഭക്തജനങ്ങൾ ദർശനം നടത്തി എന്നു കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രപേരാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലഘട്ടത്തിലെ നടവരവ് ഉൾപ്പെടെ ആകെ വരുമാനം എത്രയായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(സി) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ശബരിമലയിൽ എത്തുന്ന ഭക്തജനങ്ങളുടെയും വരുമാനത്തിന്റേയും വർദ്ധനവ് എത്രയാണ് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഭക്തജനങ്ങളുടെ സൗകര്യങ്ങൾക്കായി ഈ വർഷം ഏർപ്പെടുത്തിയിരുന്ന സംവിധാനങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കണക്കാക്കിവരുന്നു.

(ബി) നടവരവ് ഉൾപ്പെടെയുള്ള വരുമാനം 47,92,79,207 രൂപ 60 പൈസയും സ്വർണ്ണം 6 കിലോഗ്രാം 559 ഗ്രാമും വെള്ളി 96 കിലോഗ്രാം 024 ഗ്രാമും ആയിരുന്നു.

(സി) ഏകദേശം 10% വർദ്ധന ഉണ്ടാകുന്നുണ്ട്.

(ഡി) ഭക്തജനങ്ങളുടെ സൗകര്യാർത്ഥം സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ദേവസ്വംബോർഡ് എന്നിവ ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുകയുണ്ടായി. മെച്ചമായ സുരക്ഷാ സംവിധാനം, യാത്രാസൗകര്യം, ആരോഗ്യക്ഷേമ സൗകര്യങ്ങൾ, പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യം, കുടിവെള്ള വിതരണം, ദർശനം, വിരിവയ്ക്കുവാനുള്ള സൗകര്യം, പ്രസാദവിതരണം എന്നിവയ്ക്കെല്ലാം ഈ വർഷം കൂടുതൽ ഏർപ്പാടുകൾ ചെയ്തിരുന്നു.

103 (1144) തിരുവിതാംകൂർ ദേവസ്വംബോർഡിൽ സീക്രട്ട് സർവ്വീസ് ഫണ്ട്

<u>ശ്രീ. എം. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly